# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 455 04.07.2012- ൽ മറുപടിക്ക്**

## തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്:<br>ശ്രീ. ജോസഫ് വാഴക്കൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുളള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>പൊന്നാനി, ബേപ്പൂർ, അഴീക്കൽ, ആലപ്പുഴ, കൊല്ലം എന്നീ തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പരിഗണനയിലുളളത്.<br><br>**പൊന്നാനി** തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൺസഷൻ എഗ്രിമെന്റ് 29.09.2011-ൽ ഒപ്പുവച്ചു. വികസനപ്രവർത്തനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പഠനത്തിനുളള ടേംസ് ഓഫ് റഫറൻസ് കേന്ദ്ര പരിസ്ഥിതി വനം വകുപ്പിന്റെ അപ്രൈസൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.<br><br>**ബേപ്പൂർ** തുറമുഖ വികസനത്തിനായി ആഗോള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ടെണ്ടർ 03.07.2012 ന് തുറക്കുന്നതാണ്. |

---2

**അഴീക്കൽ തുറമുഖം** പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനായി പരിഷ്ക്കരിച്ച Request for proposal (RFP) യും കരട് Concession Agreement ഉം കൺസൾട്ടന്റ് സമർപ്പിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ക്ഷണിച്ചിട്ടുളള ആഗോള ടെണ്ടർ 15.05.2012-ന് തുറന്നു. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു

**ആലപ്പുഴ** തുറമുഖത്ത് മറീന സ്ഥാപിക്കുന്നതിനുളള Expression of Interest ക്ഷണിച്ചു.
മൂന്ന് കമ്പനികൾ താത്പര്യപത്രം സമർപ്പിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**കൊല്ലം തുറമുഖം** പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനായി ഡി.പി.ആറും ആർ.എഫ്.പി യും കരട് സി.എയും കൺസൾട്ടന്റ് സമർപ്പിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആഗോള ടെണ്ടർ ക്ഷണിക്കുകയും ടി ടെണ്ടർ 25.07.2012 ന് തുറക്കുന്നതാണ്.

കൂടാതെ **വിഴിഞ്ഞം** അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനു ലഭ്യമാകേണ്ട പാരിസ്ഥിതിക അനുമതിയ്ക്കായുളള ഒരു വർഷത്തെ പഠനം കേന്ദ്ര സർക്കാരിന്റെ അംഗീകൃത ഏജൻസികളായ എൽ & റ്റി റാമ്പോൾ, ഏഷ്യൻ കൺസൾട്ടിംഗ് എഞ്ചിനിയേഴ്സ് എന്നിവർ സമയബന്ധിതമായി പഠനം നടത്തി

വരുന്നു. ഈ പഠനത്തിനു സമാന്തരമായി പദ്ധതി ചെലവ് 4010 കോടി രൂപയായി പുതുക്കി നിശ്ചയിക്കുകയും ധനസമാഹരണത്തിനായി ബാങ്ക് കൺസോർഷ്യങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, ബോണ്ട് വിതരണം എന്നിവയ്ക്കുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യ വികസനങ്ങൾ തുടങ്ങുന്നതിനായി ഇ.പി.സി കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. നിർമ്മാണത്തിനു ഏറ്റവും അത്യന്താപേക്ഷിതമായ ബാക്ക് അപ് ഏരിയ, റോഡ് കണക്ടിവിറ്റി, ട്രക്ക് ടെർമിനൽ എന്നിവയ്ക്ക് ആവശ്യമുള്ള 110.47 ഏക്കർ ഭൂമിയിൽ 93.36 ഏക്കർ ഭൂമി ഭൂഉടമകൾക്ക് നഷ്ടപരിഹാരം നൽകി ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി ഭൂമി കൂടി ഉടനെ തന്നെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

പദ്ധതിയ്ക്കാവശ്യമായ ജലം എത്തിയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. വൈദ്യുതി എത്തിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ കെ.എസ്.ഇ.ബി പൂർത്തിയാക്കി.

പോർട്ട് നടത്തിപ്പുകാരനായി തെരഞ്ഞെടുക്കുന്നതിന് ബിഡ്ഡ് സമർപ്പിച്ച 2 പേരിൽ നിന്നും കേന്ദ്ര സർക്കാരിന്റെ സുരക്ഷാ അനുമതി ലഭിച്ച വെൽസ്പൺ ഇൻഫ്രാടെക്ക് ലിമിറ്റഡിന്റെ ഫിനാൻഷ്യൽ ടെൻഡർ തുറക്കുകയും പ്രസ്തുത കൺസോർഷ്യവുമായി നെഗോഷ്യേറ്റ് ചെയ്യുന്നതിന് വേണ്ടി രൂപീകരിച്ച ബിഡ് നെഗോസ്യേഷൻ കമ്മിറ്റിയുടെ ശുപാർശ 07.05.2012-ൽ ചേർന്ന എംപവേർഡ് കമ്മിറ്റി പരിശോധിയ്ക്കുകയും ചെയ്തിട്ടുണ്ട്. എംപവേർഡ് കമ്മിറ്റിയുടെ

ശുപാർശയിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

വിഴിഞ്ഞം തുറമുഖ വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 223.68 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2011-12 വർഷത്തിൽ 225.50 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിനായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ; | (ബി) | അഴീക്കൽ തുറമുഖം ഒരു മേജർ പോർട്ടായി വികസിപ്പിക്കുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രഷിപ്പിംഗ് മന്ത്രാലയത്തിന്റെ ഒരു വിദഗ്ദ്ധ സംഘത്തെ പ്രസ്തുത തുറമുഖ വികസനത്തിന്റെ ഫീസിബിലിറ്റി വിശകലനം ചെയ്യുന്നതിനും പ്രോജക്ട് സൈറ്റ് പരിശോധിക്കുന്നതിനുമായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത ടെക്നിക്കൽ കമ്മിറ്റി 11.04.2012-ൽ അഴീക്കലിൽ സന്ദർശനം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൊല്ലം തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ASIDE സ്കീം പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 1280 ലക്ഷം രൂപ വിനിയോഗിച്ചു. |
| (സി) | പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (സി) | ഓരോ തുറമുഖങ്ങളുടെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ഓരോ ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കൺസൾട്ടന്റ് നൽകുന്ന പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നത് ഈ കമ്മിറ്റിയാണ്. കൂടാതെ തുറമുഖ വകുപ്പിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആറ് പേരടങ്ങുന്ന ഒരു മോണിറ്ററിംഗ് സംഘം രൂപീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതി പ്രദേശങ്ങൾ നേരിട്ട് സന്ദർശനം നടത്തി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി പ്രായോഗികമായ മാർഗ്ഗ നിർദ്ദേശങ്ങളും, ഉപദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിനും ഈ കമ്മിറ്റിയെ |

അധികാരപ്പെടുത്തിയിട്ടുണ്ട്.
സുതാര്യത, കൃത്യത, വേഗം എന്നിവ
മുഖ്യമായി കണ്ടുകൊണ്ട്
ഇ-ടെണ്ടറിംഗ് വകുപ്പിൽ
നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ